**<u>വിവരാവകാശം / മറുപടി</u>**

നമ്പർ: D2-6487/18.

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 19.5.2018

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ശ്രീ. ഷിബു.ബി.എസ്,
ഇലവൻ മഠം
നെടുംപറമ്പ് പി.ഒ
നന്ദായ്‌വനം,
തിരുവനന്തപുരം-695102.

സർ,

വിഷയം: സാ.നീതി വകുപ്പ് - വിവരാവകാശം - അപേക്ഷ - 'ഇൻസൈറ്റ്'-പ്രോജക്ട് - മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: താങ്കളുടെ 10.5.18 തീയതി പ്രകാരമുള്ള വിവരാവകാശ പ്രകാരമുള്ള അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു. വിവരാവകാശ പ്രകാരം താങ്കൾ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

സാമൂഹ്യനീതി വകുപ്പിന്റെ ധനസഹായത്താൽ കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എന്ന സ്ഥാപനം കാഴ്ചവൈകല്യമുള്ളവർക്കായി നടത്തി വരുന്ന 'ഇൻസൈറ്റ്' എന്ന പ്രോജക്ട്-നെ സംബന്ധിച്ച പരാതികളൊന്നും ഈ കാര്യാലയത്തിൽ ലഭിച്ചിട്ടില്ലാത്തതാണ്. എന്നാൽ തിരുവനന്തപുരം സ്വദേശിയായ ശ്രീ. ഷാജി.ആർ എന്ന വ്യക്തി, മേൽപ്രോജക്ടിൽ ഇൻസ്ട്രക്ടറായി ജോലി നോക്കിയിരുന്നുവെന്നും, ടിയാനെ അകാരണമായി ജോലിയിൽ നിന്നും പിരിച്ചുവിട്ടതായും, ജോലിയിൽ തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിൽ, സ്ഥാപനത്തിൽ ക്രമക്കേടുകൾ നടക്കുന്നതായി സൂചിപ്പിച്ചിട്ടുണ്ട്.

മേൽ അപേക്ഷയുടെ പകർപ്പ് ലഭ്യമാകുന്നതിനായി താങ്കൾ 6/- രൂപ (3 പേജ്) ട്രഷറി ചെലാൻ അടച്ച് (0070-60-118-99 ശീർഷകത്തിൽ) രസീത് ഹാജരാക്കേണ്ടതാണ്.

*db@18*



Recd on
21/5/18

ടി മറുപടി താങ്കൾക്ക് തൃപ്തികരമല്ലാത്തപക്ഷം, മറുപടി ലഭ്യമായി 30 ദിവസത്തിനുള്ളിൽ താങ്കൾക്ക് അപ്പലേറ്റ് അതോറിറ്റിയ്ക്ക് പരാതി സമർപ്പിക്കാവുന്നതാണ്.

ശ്രീ. കെ.കെ.സുരേന്ദ്രകുമാർ
അഡീഷണൽ ഡയറക്ടർ
(അപ്പലേറ്റ് അതോറിറ്റി)
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ, തിരുവനന്തപുരം.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

db@18